**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 277** **02-03-2023 - ൽ മറുപടിയ്ക്ക്**

**തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി സിലബസ് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി.പി. സുമോദ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കിയ യുവാക്കൾ തൊഴിൽ ക്ഷമതയിൽ പ്രതീക്ഷിക്കുന്ന ഉന്നത നിലവാരം പുലർത്തുന്നില്ലെന്ന പ്രശ്നം പരിഹരിക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തോടൊപ്പം തൊഴിലിനായുള്ള നൈപുണ്യ പരിശീലനം നേടുന്നതിനായി അസാപ് കേരളയിലൂടെ 130 ലധികം വിവിധ കോഴ്സുകൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് തൊഴിൽ ക്ഷമതയിൽ മികച്ച നിലവാരം പുലർത്തുന്നതിനാവശ്യമായ പരിശീലനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കിവരുന്നുണ്ട്. വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും HRD സെല്ലുകൾ രൂപികരിച്ചിട്ടുണ്ട്. |
| (ബി) | ആഗോള തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിനും ദേശീയ തലത്തിലെ മത്സരപരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനും അനുയോജ്യമായ വിധത്തിൽ സിലബസ് പരിഷ്കരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ മുന്നോട്ടുവച്ച ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ പരിഷ്കരണ നിർവ്വഹണ സെല്ലിനെ ചുമതലപ്പെടുത്തി 21.10.2022-ലെ സ.ഉ.(സാധാ) നം.1565/2022/HEDN നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വിവിധ സർവകലാശാലകളുടെ യു.ജി. കരിക്കുലം സമഗ്രമായി പരിഷ്കരിക്കുന്നതിന് സംസ്ഥാനതലത്തിൽ തന്നെ ഒരു മാതൃകാ കരിക്കുലം രൂപീകരിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ഹയർ എഡ്യുക്കേഷൻ കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. യു.ജി പ്രോഗ്രാമുകളുടെ കരിക്കുലം പരിഷ്കരിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും ഒരു മാതൃക കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിക്കുന്നതിനുമായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുൻ വൈസ് പ്രസിഡന്റ് പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ച് 06.01.2023-ലെ സ.ഉ.(സാധാ) നം.35/2023/HEDN നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കരിക്കുലം പരിഷ്കരണങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി കരിക്കുലം ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു.<br><br>സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് കീഴിലെ പോളിടെക്നിക് കോളേജുകളിൽ തൊഴിൽ നൈപുണ്യ പരിശീലനം ഉൾപ്പെടുത്തിയാണ് കരിക്കുലം തയ്യാറാക്കിയിരിക്കുന്നത്. |
| (സി) | എല്ലാ കോഴ്സുകളിലും തൊഴിൽ നൈപുണ്യ പരിശീലനം ഉൾപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; കെ-സ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഡിപ്ലോമ റിവിഷൻ -2021, FDGT റിവിഷൻ എന്നിവയിൽ തൊഴിൽ നൈപുണ്യ പരിശീലനം ഉൾപ്പെടുത്തിയാണ് കരിക്കുലം തയ്യാറാക്കിയിരിക്കുന്നത്. THS കരിക്കുലം റിവിഷനുകളിലും ഇത് ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു<br><br>കേരളത്തിലെ യുവജനങ്ങൾക്ക് നഗര ഗ്രാമ വ്യത്യാസമില്ലാതെ പുതു തലമുറ നൈപുണ്യ കോഴ്സുകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുകയും അതുവഴി രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിലവസരങ്ങൾ കരഗതമാക്കാൻ യുവതലമുറയെ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഒരു സമഗ്ര നൈപുണ്യ പരിശീലന സംരംഭമാണ് കെ-സ്കിൽ. |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

(എ)

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എഞ്ചിനീയറിംഗ്, പോളിടെക്നിക്ക്, ഫൈൻ ആർട്സ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വികസനം ലഭ്യമാക്കുന്നതിനായി ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ മുഖേന വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ദേശീയതലത്തിൽ പ്രശസ്തമായ സ്ഥാപനങ്ങളിലും പ്രഗത്ഭരായ അദ്ധ്യാപകരെക്കൊണ്ടും വിവിധ വ്യവസായ സംരംഭങ്ങളിലെ വിദഗ്ധരെക്കൊണ്ടും ആധുനിക വ്യാവസായിക മേഖലയിലെ നൂതന അറിവുകൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ലഭ്യമാക്കുന്നുണ്ട്. വിസിറ്റിംഗ് ഫാക്കൽറ്റി പരിപാടി അനുസരിച്ച് ഗവേഷണ-അക്കാദമിക പ്രവർത്തനങ്ങളിൽ സീനിയർ അധ്യാപകരുടെയും പ്രൊഫഷണലുകളുടെയും സേവനം പ്രയോജനപ്പെടുത്തിവരുന്നു. വിദ്യാർഥികൾക്ക് തൊഴിൽ ലഭിക്കാനും കരിയർ ഗൈഡൻസിനുമുള്ള പരിശീലനവും നടത്തി വരുന്നുണ്ട്. ഇൻറസ്ട്രി - ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുമായും വ്യവസായ സംരംഭകരുമായും സ്ഥാപനങ്ങളുമായും കരാറുകളിൽ ഏർപ്പെടുന്നതിനും അതുവഴി സാങ്കേതിക വിദ്യ കൈമാറ്റത്തിനും വകുപ്പ് പ്രത്യേക ശ്രദ്ധനൽകുന്നുണ്ട്.

എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച കംപ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇൻറർനെറ്റ് കണക്ടിവിറ്റിയോടുകൂടി ടെക്നോളജി ഇൻക്യുബേഷൻ സെൻററുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ 46 യൂണിറ്റുകളും 40 പ്രീ ഇൻക്യുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. 50-ലേറെ യൂണിറ്റുകൾ Gestation period പൂർത്തിയാക്കി.

തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻറസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കിവരുന്നു.

തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ ഉൽപാദന പരിശിലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ വിവിധ ഇലക്ട്രോണിക് ഉപകരണങ്ങൾ നിർമ്മിക്കുക, ഇലക്ട്രോണിക്സ് ലബോറട്ടറികളിലേയ്ക്ക് ആവശ്യമുള്ള പരിശീലന കിറ്റുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മറ്റു പോളിടെക്നിക്കുകളിലും അനുയോജ്യമായ നവീന സങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉൽപാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 2022-23 -ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്ക്നിക്ക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി 29.09.2022 ലെ സ.ഉ (സാധാ) നം. 1437/2022/ഉവിവ പ്രകാരം സർക്കാർ ലഭ്യമാക്കിയിരുന്നു. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുക വഴി പുതിയ തലമുറയുടെ തൊഴിൽക്ഷമത ഉറപ്പാക്കി, അത് വഴി തൊഴിലില്ലായ്മ എന്ന സാമൂഹികപ്രശ്നം ഫലപ്രദമായി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ, ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ് കേരള). സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ട തൊഴിൽ മേഖലയിൽ നൈപുണ്യം നേടുന്നതിനായി അസാപ് കേരള മുഖാന്തരം അനവധി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നു.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയും, വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള അസാപ് കേരളയുടെ 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴിയാണ് കേരളത്തിലെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ അസാപ് ഏകോപിപ്പിക്കുന്നത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, ആമസോൺ ക്ലൗഡ് കമ്പ്യൂട്ടിങ്, സൈബർ സെക്യൂരിറ്റി, ഡ്രോൺ ടെക്നോളജി, ഗ്രാഫിക്സ് ഡിസൈനർ, വിദേശ

ഭാഷകൾ, ബാംങ്കിംഗ്, ലോ തുടങ്ങിയ വിവിധ മേഖലയിലെ കോഴ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടു കൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളിൽ ഹയർ ഓർഡർ ഇൻഡസ്ട്രി റിലവന്റ് സ്കിൽസ് (Higher Order Industry Relevant Skills) നൽകി അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. അസാപ്പിന്റെ പ്ലേസ്മെന്റ് പോർട്ടലിലൂടെ വിദ്യാർത്ഥികൾക്ക് തൊഴിലും ലഭ്യമാക്കുന്നു.

1. കമ്മ്യൂണിറ്റി സ്കിൽ പാർക്ക്

മാറുന്ന തൊഴിൽ സാഹചര്യത്തിൽ മെച്ചപ്പെട്ട തൊഴിൽ നേടുന്നതിന് പൊതുസമൂഹത്തിനെ സജ്ജമാക്കാനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ കേരള സർക്കാർ നടത്തിയ ഫലപ്രദമായ ഇടപെടലാണ് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. 25000-ൽ അധികം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങളോടെയാണ് സ്കിൽ പാർക്കുകൾ നിർമ്മിക്കുന്നത്. ഇത്തരത്തിൽ വിഭാവനം ചെയ്ത 16 സ്കിൽ പാർക്കുകളിൽ 13 സ്കിൽ പാർക്കുകളുടെ നിർമാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 3 സ്കിൽ പാർക്കുകളുടെ നിർമാണപ്രവർത്തനം നടന്നു വരുന്നു.

വ്യാവസായിക അധിഷ്ഠിത നൈപുണ്യ വികസന കോഴ്സുകൾ സമൂഹത്തിന് നൽകിവരുന്നതിനോടൊപ്പം തന്നെ ഈ സ്കിൽ പാർക്കുകൾ വിവിധ നൂതന നൈപുണ്യ മേഖലകളിലെ സെന്റർ ഓഫ് എക്സെലെൻസ് ആക്കി മാറ്റുവാനും അസാപ് ലക്ഷ്യമിടുന്നു. സീമെൻസ്, ആൻസിസ്, ജി.ഇ, ഐ. എസ്സ് . ഐ. ഈ., അഡോബി പോലുള്ള ബഹുരാഷ്ട്ര കമ്പനികളുമായി സഹകരിച്ചായിരിക്കും ഈ സെന്റർ ഓഫ് എക്സെലൻസുകൾ സ്ഥാപിക്കുക.

ഇലക്ട്രിക് വാഹനങ്ങളുമായി ബന്ധപ്പെട്ട നൈപുണ്യ വികസന പരിപാടികൾ സമൂഹത്തിനു നൽകുന്നതിനായി പട്ടിക ജാതി വികസന വകുപ്പിന്റെയും വ്യവസായ പങ്കാളികളുടെയും ധനസഹായത്തോടു കൂടി കളമശ്ശേരി, പാമ്പാടി കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിനുള്ള ധാരണാ പത്രം ഒപ്പിടുകയും അതിനായുള്ള പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു.

2 . സെൻ്റർ ഓഫ് എക്സെലെൻസുകൾ

നിലവിൽ ഇലക്ട്രിക്ക് വാഹന രംഗത്തും, ഓഗ്മെൻ്റഡ് റിയാലിറ്റി, വെർച്ചൽ റിയാലിറ്റിയിൽ (AR/VR) മേഖയിലും സെൻ്റർ ഓഫ് എക്സെലെൻസുകൾ സ്ഥാപിച്ചു. വരും വർഷങ്ങളിൽ ഓട്ടോമേഷൻ, ഇലെക്ട്രിക്കൽ പവർ സിസ്റ്റം, ഇൻസ്ട്രുമെൻ്റഷൻ & പ്രെഡിക്റ്റിവ് മെയ്ൻറനൻസ്, 5 ജി, ഏവിയേഷൻ തുടങ്ങിയ മേഖലകളിൽ സെൻ്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

a) ഇലക്ട്രിക് വാഹന രംഗത്തെ സെൻ്റർ ഓഫ് എക്സലൻസ്

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) കേരളയും ഇംപീരിയൽ സൊസൈറ്റി ഓഫ് ഇന്നൊവേറ്റീവ് എഞ്ചിനീയേഴ്സും (ഐ.എസ്.ഐ.ഇ ഇന്ത്യ) സംയുക്തമായി അസാപ് കേരളയുടെ രണ്ട് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ ഇലക്ട്രിക് വെഹിക്കിൾ (ഇ.വി) സെൻ്റർ ഓഫ് എക്സലൻസ് (സി.ഒ.ഇ) സ്ഥാപിക്കാൻ ധാരണയായി. 2022 മാർച്ച് 25-ന് നടന്ന ചടങ്ങിൽ അസാപ് കേരള ചെയർപേഴ്സണും മാനേജിംഗ് ഡയറക്ടറുമായ ഡോ. ഉഷാ ടൈറ്റസും ഐ.എസ്.ഐ.ഇ പ്രസിഡൻ്റ് വിനോദ് കുമാർ ഗുപ്തയും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. മികവിൻ്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം നൽകുന്നത് എസ്.സി ഡെവലപ്മെൻ്റ് ഡിപ്പാർട്ട്മെൻ്റാണ്.

b) ഓഗ്മെൻ്റഡ് റിയാലിറ്റി, വെർച്ചൽ റിയാലിറ്റിയിൽ (AR/VR) ലാബുകൾ

ദൃശ്യശ്രാവ്യ മേഖലകളിലെ പുത്തൻ സാങ്കേതികവിദ്യകളായ ഓഗ്മെൻ്റഡ് റിയാലിറ്റി (AR) വെർച്ചൽ റിയാലിറ്റി (VR), എന്നിവയിൽ വലിയ തൊഴിൽ സാധ്യതകളാണുള്ളത്. ആനിമേഷൻ, ഓട്ടോമൊബൈൽ, ഇൻ്റീരിയർ ഡിസൈൻ, ഇൻഡസ്ട്രിയൽ ആപ്ലിക്കേഷൻസ് തുടങ്ങിയ മേഖലകളിലും അവസരങ്ങൾ വർധിച്ചു വരികയാണ്. ഈ സാഹചര്യത്തിലും, ഓഗ്മെൻ്റഡ് റിയാലിറ്റി, വെർച്ചൽ റിയാലിറ്റി (AR/VR) എന്നിവയുടെ പരിശീലനം നമ്മുടെ പരമ്പരാഗതപാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. AR/VR ഡൊമെയ്നിൽ നൈപുണ്യ പരിശീലനത്തിനുള്ള ലാബുകളും ഉപകരണങ്ങളും തയ്യാറാക്കുന്നതിൻ്റെ ഉയർന്ന ചെലവാണ് ഇതിനു പ്രധാന കാരണം. ഈ മേഖലയിൽ പരിശീലന പരിപാടികൾ ആരംഭിക്കുന്നതിനും, വിദഗ്ധരായ പ്രൊഫഷണലുകളെ തയ്യാറാക്കുന്നതിനുമായി അസാപിനു കീഴിലെ കളമശ്ശേരി

സ്കിൽ പാർക്കിൽ ഇതിനായുള്ള ലാബ് സജ്ജീകരിച്ചു. ഇതിനു പുറമേ മറ്റു 3 സ്കിൽ പാർക്കുകളിൽ കൂടി ഇതേ സംവിധാനം സ്ഥാപിക്കാനായുള്ള പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്.

ഇവിടങ്ങളിലായി ഓരോ വർഷവും 720 വിദ്യാർത്ഥികളെ പരിശീലിപ്പിക്കാനും, അതിൽ 50% പേർക്ക് പ്ലേസ്മെന്റ് നൽകാനുമാണ് ലക്ഷ്യമിടുന്നത്.

3. വർക്ക് റെയ്ഡിനെസ് പ്രോഗ്രാം

അവസാന വർഷ വിദ്ധ്യാർത്ഥികൾക്കും, നിലവിൽ പഠനം പൂർത്തിയാക്കിയവരെയും തൊഴിലിടങ്ങളിലേക്ക് സജ്ജരാക്കുന്നതിനായി 'വർക്ക് റെയ്ഡിനെസ് പ്രോഗ്രാം അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴിയും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയും നടത്തിവരുന്നു. അസാപ് KKEM-യുമായി ചേർന്നാണ് വർക്ക് റെയ്ഡിനെസ് പ്രോഗ്രാം (Work Readiness Programme) നൽകിവരുന്നത്. കൂടാതെ അസാപ്പിൽ ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയ യുവാക്കൾക്ക് Soft Skill Training നടത്തിവരുന്നു